# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1946
06-02-2019-ലെ മറുപടിയ്ക്ക്

**ഓഖി ദുരിതബാധിതർക്കുള്ള ധനസഹായം**

| **ചോദ്യം**<br>**ശ്രീ. പി.കെ.ബഷീർ** | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|
| എ) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി ലഭിച്ച തുക എത്ര; വെളിപ്പെടുത്താമോ; | ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് **108,59,59,181/- രൂപ (108.59 കോടി രൂപ)** സംഭാവനയായി ലഭിച്ചിട്ടുണ്ട്. |
| ബി) അപ്രകാരം ലഭിച്ച തുകയിൽ ഓഖി ദുരിതബാധിതർക്കും കുടുംബങ്ങൾക്കുമായി വിതരണം ചെയ്ത തുകയെത്രയെന്നും ആയിനത്തിൽ ബാക്കി തുകയെത്രയെന്നുമുള്ള പൂർണ്ണ വിശദാംശം നൽകാമോ; | ഓഖി ദുരിതബാധിതർക്കും കുടുംബങ്ങൾക്കുമായി വിതരണം ചെയ്യുന്നതിലേക്കും ഓഖി ദുരിതാശ്വാസപ്രവർത്തനവുമായി ബന്ധപ്പെട്ടും ധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും **1109312639/- രൂപ**(110.93 കോടി രൂപ) വിവിധ ജില്ലകൾക്കും, വിവിധ സ്ഥാപനങ്ങൾക്കുമായി നൽകിയിട്ടുണ്ട്. ഇവയുടെ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്. |

| | |
|---|---|
| തിരുവനന്തപുരം | Rs. 24,53,16,000/- |
| കൊല്ലം | Rs. 58,77,857/- |
| ആലപ്പുഴ | Rs. 1,52,000/- |
| കാസർഗോഡ് | Rs. 17,24,140/- |
| എറണാകുളം | Rs. 3,24,000/- |

| | |
|---|---|
| | <table><tr><td>തൃശ്ശൂർ</td><td>Rs. 9,36,000/-</td></tr><tr><td>മലപ്പുറം</td><td>Rs. 1,80,000/-</td></tr><tr><td>ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്</td><td>Rs. 76,22,33,739/-</td></tr><tr><td>സിവിൽ സപ്ലൈസ് വകുപ്പ്</td><td>Rs. 9,23,68,903/-</td></tr></table><br>ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി ലഭിച്ച **108,59,59,181/-** കോടി രൂപ കൂടാതെ CMDRF ന്റെ പൊതു ഫണ്ടിൽ നിന്ന് **2,33,53,458/-** കോടി രൂപ കൂടി ഓഖി ദുരിതാശ്വാസത്തിനായി അനുവദിച്ചിട്ടുണ്ട്. |
| സി) ഓഖി ദുരന്തത്തിൽ ഉൾപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ബാക്കി ഫണ്ട് എങ്ങനെ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ഓഖി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി ലഭിച്ച മൊത്തം തുകയും ഓഖി ദുരിതാശ്വാസത്തിനായി അനുവദിച്ചിട്ടുണ്ട്. |
| ഡി) ഇല്ലെങ്കിൽ ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ഇനിയും ബാക്കിയുള്ള തുക ചെലവഴിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**